**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

24.01.18

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാചോദ്യം നം. 569**

**30/01/2018 ൽ**
**മറുപടിക്ക്**

## പൊതുമേഖലാ പ്ലാന്റേഷനുകളിലെ തോട്ടണ്ടി വിൽപ്പന

**ചോദ്യം**
**ശ്രീമതി.പി.അയിഷാ പോറ്റി**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടിയമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ പൊതുമേഖലയിലുള്ള പ്ലാന്റേഷനുകളിലെ തോട്ടണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകാൻ വ്യവസായ വകുപ്പിന്റെ ഉത്തരവുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) | 30/01/2017 തീയതിയിലെ സ.ഉ (കൈയ്യെഴുത്ത്) 7/2017/വ്യവ പ്രകാരം കഴിഞ്ഞ വർഷത്തെ കശുവണ്ടി സീസണിൽ പൊതുമേഖലയിലുള്ള പ്ലാന്റേഷനുകളിലെ തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനും നൽകുന്നതിന് ഉത്തരവായിരുന്നു.. |
| (ബി) | പ്രസ്തുത ഉത്തരവ് പാലിക്കാതെ പൊതുമേഖലാ പ്ലാന്റേഷനുകളിലെ തോട്ടണ്ടി ലേലം ചെയ്ത് വിൽപ്പന നടത്താൻ നീക്കം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | കേരളത്തിലെ പൊതുമേഖലയിലുള്ള പ്ലാന്റേഷനുകളിലെ തോട്ടണ്ടി ഈ സീസണിലും കാഷ്യൂ കോർപ്പറേഷനും കാപ്പക്സിനും ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | നാടൻ തോട്ടണ്ടി സ്വകാര്യ കരാറുകാർ വാങ്ങുന്ന സ്ഥിതി ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) | നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**